## പതിനാലാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.60** **24.01.2018-ൽ മറുപടിയ്ക്ക്**

## ലോട്ടറി മേഖലയിൽ വരുത്തിയ മാറ്റങ്ങൾ

| ചോദ്യം<br>ശ്രീ.അനിൽ അക്കര<br>,, കെ.മുരളീധരൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, റോജി എം. ജോൺ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി മേഖലയിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്; ഇതിലൂടെ ലോട്ടറി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | 15.05.17 ലെ സ.ഉ.(ആർ.ടി) 389/17/നി.വ.നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50/-രൂപ മുഖവിലയുണ്ടായിരുന്ന പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില കൂടി 30/-രൂപയാക്കി കുറച്ച് കൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30/-രൂപയാക്കി ഏകീകരിച്ചുകൊണ്ടും അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ നൽകിക്കൊണ്ടും സമ്മാനങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് വരുത്തി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാന ഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിരുന്നു.<br>സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 01.07.17 മുതൽ 12% ജി.എസ്.ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12% ജി.എസ്.ടി. കൂടി ചേർത്ത് |

| | | | |
|---|---|---|---|
| | | | പരമാവധി വിൽപ്പനവില 30/-രൂപയാക്കി നിലനിർത്തിക്കൊണ്ടും, 50 ശതമാനത്തിന് മുകളിൽ സമ്മാനത്തുക നൽകിയും 3 സ്ലാബുകളിലായി (upto 2000- 24%, 2001 to 10000-24.5%, above 10,000-25.25%) ഡിസ്കൗണ്ട് അനുവദിച്ചുകൊണ്ടും 15.07.17 തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. 12 പരമ്പരകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാനഘടന ആവിഷ്കരിച്ചിരിക്കുന്നത്. ലോട്ടറി വിൽപ്പന/ സമ്മാന വിതരണം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി പുതുതായി 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിൽ ഈ സർക്കാർ നടപ്പിൽ വരുത്തിയ മാറ്റങ്ങൾക്ക് അനുസൃതമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | വ്യാജ ലോട്ടറി തടയുന്നതിനും, ലോട്ടറിയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | വ്യാജ ലോട്ടറി ടിക്കറ്റുകൾ തടയുന്നതിനും ലോട്ടറിയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനുമായി 23.11.16 ലെ ജി.ഒ. (ആർ.റ്റി) 910/2016/റ്റിഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Micro letters pattern, Guilloche pattern, Opaque text pattern, Relief pattern, Void pantograph Pattern, Invert Microline pattern എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപറഞ്ഞവ പരിചയപ്പെടുത്തുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥർക്കും, ലോട്ടറി ഏജൻറുമാർക്കും ജില്ലാ അടിസ്ഥാനത്തിൽ ക്ലാസുകൾ നടത്തിവരുന്നു. ലോട്ടറി അച്ചടിയിലെ സുരക്ഷാ മേൽ നോട്ടങ്ങൾ നിർവ്വഹിക്കുന്നതിനായി 22.09.17 ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (കൈ) 79/2017/ടാക്സസ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാജ ടിക്കറ്റുകൾ ലഭിക്കുന്നുവെങ്കിൽ, ഇക്കാര്യം ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിച്ച് പരാതി രജിസ്റ്റർ ചെയ്തതിന് ശേഷം മാത്രം വകുപ്പിൽ അറിയിച്ചാൽ മതിയാകുമെന്ന് എല്ലാ ഏജൻറുമാർക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധനയ്ക്ക് ശേഷം സംസ്ഥാന മോണിറ്ററിംഗ് സെല്ലിനും ജില്ലാതല മോണിറ്ററിംഗ് സെല്ലിനും തുടർ നടപടികൾക്കായി നൽകുന്നു. ഇതിലേക്കായി ഭാഗ്യക്കുറി വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ C-dit ന്റെ സാങ്കേതിക സഹായത്തോടെ ഒരു ലോട്ടറി സുരക്ഷാ ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒറ്റയക്ക, ഇരട്ടയക്ക, മൂന്നക്ക ലോട്ടറി നടത്തിപ്പിനെതിരെ, ലോട്ടറി റെഗുലേഷൻ ആക്ട് 1998, 7(3) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടി സ്വീകരിക്കാൻ മോണിറ്ററിംഗ് സെല്ലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തിൽ വ്യാജ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട 23 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജ ലോട്ടറി ടിക്കറ്റുകളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ CBCID യുടെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | നിർമ്മൽ ലോട്ടറി വിജയപ്രദമാണോ; പ്രസ്തുത ലോട്ടറിയിൽ നിന്നും ലഭിക്കുന്ന ലാഭം ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് | (സി) | 23.08.2016 ലെ G.O.(MS) 85/2016/TD നമ്പർ ഉത്തരവ് പ്രകാരമാണ് എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തത്തക്ക വിധത്തിൽ 100/-രൂപ മുഖവിലയോടു കൂടി നിർമ്മൽ ബൈവീക്കിലി ലോട്ടറി ആരംഭിച്ചത്. എന്നാൽ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | Demonetization നെ തുടർന്ന് ടി ഭാഗ്യക്കുറിയ്ക്ക് breakeven point achieve ചെയ്യാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ഏതാനും നറുക്കെടുപ്പുകൾ റദ്ദ് ചെയ്തിരുന്നു. തുടർന്ന് നിർമ്മൽ ഭാഗ്യക്കുറിയെ 30/- രൂപ മുഖവിലയോടെ പ്രതിവാര ലോട്ടറി ആക്കിയതിന് ശേഷം ലാഭകരമായി നടത്തിവരുന്നു.<br>ശുചിത്വത്തിന്റെ പരസ്യ പ്രചാരണാർത്ഥം ആവിഷ്കരിച്ച് നടപ്പിലാക്കിയ നിർമ്മൽ ഭാഗ്യക്കുറിയുടെ ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യപ്രചാരണത്തിനായുള്ള വാചകങ്ങൾ അച്ചടിച്ചുവരുന്നു. പ്രസ്തുത ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം സർക്കാരിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**